A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

805

# വാർഷിക മൂല്യനിർണയം – 2018

# സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : VIII

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

**നിർദേശങ്ങൾ:**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം

**1 മുതൽ 7 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക**

1. ആധുനിക സാമ്പത്തികശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാര്? 1

   എ) ആൽഫ്രഡ് മാർഷൽ

   ബി) ആഡം സ്മിത്ത്

   സി) ലയണൽ റോബിൻസ്

   ഡി) പോൾ എ സാമുവൽസൺ

2. ചുവടെ നൽകിയിരിക്കുന്നവയിൽ കാളിദാസ കൃതി അല്ലാത്തത് ഏത്? 1

   എ) അഭിജ്ഞാനശാകുന്തളം

   ബി) കുമാരസംഭവം

   സി) മുദ്രാരാക്ഷസം

   ഡി) വിക്രമോർവശീയം

3. പുറമെ നിന്നുള്ള ആക്രമണങ്ങളാണ് ഹരപ്പൻ സംസ്കാരത്തിന്റെ തകർച്ചയ്ക്കുള്ള കാരണങ്ങളിൽ ഒന്ന്. മറ്റു രണ്ട് കാരണങ്ങൾ എഴുതുക. 2

4. ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ഭരണത്തലവനായ രാഷ്ട്രപതിയുടെ ചുമതലകളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക. 2

5. ചെറിയതോത് ഭൂപടങ്ങൾക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക. 2

6. ഹരിതവിപ്ലവം, ധവളവിപ്ലവം എന്നിവ തമ്മിലുള്ള വ്യത്യാസമെന്ത്? 2

7. 'എ' കോളത്തിലുള്ളവയ്ക്ക് അനുയോജ്യമായി 'ബി' കോളത്തിലുള്ളവ ക്രമപ്പെടുത്തുക 4

| എ | ബി |
|---|---|
| കുറിഞ്ചി | നെൽകൃഷി |
| മുല്ലൈ | മീൻപിടുത്തം |
| മരുതം | കന്നുകാലി വളർത്തൽ |
| നെയ്തൽ | വേട്ടയാടൽ |

**8 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് ഉത്തരമെഴുതുക.**
**ഓരോന്നിനും 3 സ്കോർ വീതം**

(3 x 3 = 9)

8. പൊടിപടലങ്ങൾ അന്തരീക്ഷത്തിലെത്തിച്ചേരുന്ന മൂന്ന് മാർഗങ്ങൾ എഴുതുക.
9. ഭൂഗർഭജലവുമായി ബന്ധപ്പെട്ട മൂന്ന് ആശയങ്ങളാണ് ചുവടെ നൽകിയിട്ടുള്ളത്. അവ ഓരോന്നും എന്താണെന്ന് വ്യക്തമാക്കുക.
   i) സുഷിരിതാവസ്ഥ (Porosity)
   ii) പ്രവേശനീയത (Permeability)
   iii) ജലപീഠം (Water table)
10. ചുവടെ നൽകിയിരിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.




11. ജലമലിനീകരണത്തിന്റെ ദോഷഫലങ്ങളേവ?

**12 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് ഉത്തരമെഴുതുക.**
**ഓരോന്നിനും 4 സ്കോർ വീതം**

(3 x 4 = 12)

12. മൗര്യകാലഘട്ടത്തിലെ ജനജീവിതം ഗുപ്തകാലഘട്ടത്തിൽ നിന്ന് എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു?
13. ഇന്ത്യൻ സാമ്പത്തികാസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുക.
14. ഗുപ്തകാലഘട്ടത്തിൽ ഭാഷയിലും സാഹിത്യത്തിലും ഉണ്ടായ പുരോഗതി വിവരിക്കുക.
15. സാമൂഹ്യനിയന്ത്രണത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

**16 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഒരു എണ്ണത്തിന് ഉത്തരമെഴുതുക.**
**5 സ്കോർ**

(1 x 5 = 5)

16. പ്രധാന അന്തരീക്ഷ പാളികളേവ? ഏതെങ്കിലും രണ്ട് പാളികളുടെ സവിശേഷതകളെഴുതുക.
17. എന്താണ് ആഗോളതാപനം? ആഗോളതാപത്തിന് ഇടയാക്കുന്ന മനുഷ്യപ്രവർത്തനങ്ങൾ എന്തെല്ലാം? ആഗോളതാപനം നിയന്ത്രിക്കുവാനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുക.